LIBRARY ARCHIVES Kerala Legislative Assembly

തടവുകാർക്കുള്ള ഭക്ഷണ വിതരണത്തിലെ പ്രതിസന്ധി

171(5760) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാർക്കുള്ള ഭക്ഷണ വിതരണം പ്രതിസന്ധിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനിടയായ സാഹചര്യം പരിശോധിക്കുകയുണ്ടായോ ;

(ബി) ജയിൽ തടവുകാർക്കുള്ള ഭക്ഷണത്തിനായി സർക്കാർ പണം നൽകുന്നത് എപ്പോഴാണ് ; ഈ വർഷാരംഭത്തിലെ അലോട്ട്മെന്റ് നൽകുന്നതിന് വീഴ്ചയുണ്ടായിട്ടുണ്ടോ ;

(സി) ഭക്ഷണം മുടങ്ങുന്ന സാഹചര്യമുണ്ടായാൽ ജയിലുകളിൽ ഭീതിജനകമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടുമെന്നറിയാമോ ; പ്രസ്തുത സ്ഥിതിവിശേഷം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അതാതു സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ ആണ് ഇക വകയിരുത്തുന്നത്. അലോട്ട്മെന്റ് നൽകുന്നതിൽ വീഴ്ച ഉണ്ടായിട്ടില്ല.

(സി) ജയിലുകളിൽ ഭക്ഷണം മുടങ്ങുന്ന സ്ഥിതിവിശേഷം ഉണ്ടാകാറില്ല.

കുറയുന്ന വനവിസ്തൃതി

172(5761) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനവിസ്തൃതി ആശങ്കപ്പെടുത്തും വിധം കുറഞ്ഞു വരുന്നതായി ശ്രദ്ധിച്ചിട്ടുണ്ടോ ;

(ബി) വനവും വന്യമൃഗങ്ങളും സംരക്ഷിക്കപ്പെടുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; വിശദാംശം ലഭ്യമാക്കാമോ ;